പത്രക്കുറിപ്പ്
17-12-2017

## കുടുംബശ്രീ ഒരു നേർച്ചിത്രം ഫോട്ടോഗ്രാഫി മത്സരം: ജി. ശിവപ്രസാദിന് ഒന്നാം സ്ഥാനം

തിരുവനന്തപുരം- ഫോട്ടോഗ്രഫിയിൽ താത്പര്യമുള്ള വ്യക്തികളുടെ സർഗ്ഗാത്മക ശേഷി വർദ്ധിപ്പിക്കുക, കുടുംബശ്രീ പ്രവർത്തനം ഫോട്ടോകളിലൂടെ ജനങ്ങളിലേക്കെത്തിക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി കുടുംബശ്രീ മിഷൻ സംഘടിപ്പിച്ച 'കുടുംബശ്രീ ഒരു നേർച്ചിത്രം' ഫോട്ടോഗ്രഫി മത്സരത്തിന്റെ വിജയികളെ തെരഞ്ഞെടുത്തു. മാതൃഭൂമി കോട്ടയം യൂണിറ്റ് ഫോട്ടോഗ്രാഫർ ജി. ശിവപ്രസാദിനാണ് ഒന്നാം സ്ഥാനം. പ്രവർത്തന സമയത്തെ കൈത്താങ്ങും ഐക്യവും ഫോട്ടോയിൽ മനോഹാരിത സൃഷ്ടിക്കുന്നു എന്ന പ്രത്യേകതയാണ് പുരസ്കാരത്തിലേക്ക് നയിച്ചത്. അദ്ധ്വാനത്തിന്റെ പ്രതിബിംബം ക്യാമറാക്കണ്ണിലൂടെ പകർത്തിയ കേരള കൗമുദി ഫോട്ടോഗ്രാഫർ സുധർമ്മൻ ദാസ് രണ്ടാമതും മലപ്പുറം സ്വദേശി ഷാജു. വി. കാരാട്ട് മൂന്നാമതുമെത്തി. ഉപജീവനത്തിന് ആഴങ്ങളിലേക്ക് എന്ന ക്യാപ്ഷനോടു കൂടി ഒരു തുള്ളി കുടിവെള്ളത്തിനായി കിണർ കുഴിക്കുന്ന ദൃശ്യമാണ് ഷാജു കാരാട്ട് ക്യാമറയിൽ പകർത്തിയത്. ഒന്നാം സ്ഥാനത്തിന് 20000 രൂപയും രണ്ടാം സ്ഥാനത്തിന് 10000 രൂപയും മൂന്നാം സ്ഥാനത്തിന് 5000 രൂപയുമാണ് ക്യാഷ് അവാർഡ്.

നവംബർ ഒന്ന് മുതൽ ഡിസംബർ 15 വരെ സംഘടിപ്പിച്ച മത്സരത്തിൽ മികച്ച പ്രതികരണമാണ് ലഭിച്ചത്. 700 ലേറെ ഫോട്ടോകളിൽ നിന്നാണ് പ്രശസ്ത സിനിമാ ഛായാഗ്രാഹകൻ അളഗപ്പൻ ചെയർമാനായ വിദഗ്ധ ജൂറി വിജയികളെ കണ്ടെത്തിയത്. ഫോട്ടോഗ്രാഫർ ജി. പ്രമോദ്, കുടുംബശ്രീ ഡയറക്ടർ എസ്. നിഷ, പബ്ലിക് റിലേഷൻസ് ഓഫീസർ ജയന്തിനരേന്ദ്രൻ എന്നിവരായിരുന്നു മറ്റ് ജൂറി അംഗങ്ങൾ. കൂടാതെ ജൂറി തെരഞ്ഞെടുത്ത മികച്ച പത്ത് പേർക്ക് 1000 രൂപ വീതം പ്രോത്സാഹന സമ്മാനമായും മറ്റ് മികച്ച 50 പേർക്ക് കേരളത്തിന്റെ കുടുംബശ്രീ മാസികയുടെ ഒരു വർഷത്തേക്കുള്ള സൗജന്യ സബ്സ്ക്രിപ്ഷനും നൽകും. വിശദ വിവരങ്ങൾ www.kudumbashree.org എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ദാരിദ്ര്യ നിർമ്മാർജ്ജനം സ്ത്രീ ശാക്തീകരണത്തിലൂടെ എന്ന ആപ്തവാക്യം മുൻനിർത്തി പ്രവർത്തിക്കുന്ന കുടുംബശ്രീ കേരള സമൂഹത്തിൽ വിപ്ലവകരമായ മാറ്റങ്ങൾ സൃഷ്ടിച്ച് 19 സുവർണ്ണ വർഷങ്ങൾ പിന്നിട്ടിരിക്കുകയാണ്. ഈ നാൾവഴിയിൽ കുടുംബശ്രീയുടെ മികച്ച പ്രവർത്തനങ്ങൾ പ്രതിപാദിക്കുന്ന വിഷയങ്ങൾ ഉൾപ്പെടുത്തിയ ചിത്രങ്ങളാണ് മത്സരത്തിന് ക്ഷണിച്ചിരുന്നത്.

**എക്സിക്യൂട്ടീവ് ഡയറക്ടർ**
**കുടുംബശ്രീ**